ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ്
ആന്റ് എഞ്ചിനീയറിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം –695003

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
Email: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. എ1/8280/22/സിഇ/തസ്വഭവ

തീയതി : 30.06.2022

# സർക്കുലർ

**വിഷയം :–** ത.സ്വ.ഭ.വ–ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് (LID & E) – ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി– സംബന്ധിച്ച്.

**സൂചന :–** 1) ബഹു. കേരള മുഖ്യമന്ത്രിയുടെ 15.06.2022 തീയതിയിലെ സംസ്ഥാന സർക്കാർ ജീവനക്കാർക്കായി നൽകിയ സന്ദേശം.

2) 13.06.2022 തീയതിയിലെ കേരള സർക്കാരിന്റെ 294/എസ്.സി1/2022/ പൊ.ഭ.വ (എസ്.സി) നമ്പർ സർക്കുലർ.

മേൽ സൂചന (2) പ്രകാരം ബഹു. കേരള സർക്കാർ 2022 ജൂൺ 15 മുതൽ സെപ്റ്റംബർ 30 വരെ വിവിധ കാര്യാലയങ്ങളിലെ പെൻഡിംഗ് ഫയലുകൾ തീർപ്പാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി പെൻഡിംഗ് ഫയലുകളിൻമേൽ പരിഹാരം കണ്ടെത്തി തീർപ്പാക്കുന്നതിന് മാസത്തിൽ ഒരു അവധി ദിനം വിനിയോഗിക്കണമെന്ന് എല്ലാ ജീവനക്കാരോടും ബഹു. കേരള മുഖ്യമന്ത്രി അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ത.സ്വ.ഭ.വ എഞ്ചിനീയറിംഗ് വിംഗിൽ 2022 ജൂലൈ മാസത്തിലെ ആദ്യ അവധി ദിനമായ 3–ാം തീയതി ഞായറാഴ്ച പ്രവൃത്തി ദിനമാക്കിക്കൊണ്ട് പെന്റിംഗ് ഫയലുകളിൻ തീർപ്പുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതു ജനങ്ങൾ നേരിട്ട് ബന്ധപ്പെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള ഈ വകുപ്പിന്റെ കാര്യാലയങ്ങളിൽ തീർപ്പാകാതെ കിടക്കുന്ന അവരുമായി ബന്ധപ്പെട്ട ബിൽഡിംഗ് പെർമിറ്റ്, എൻ.ഒ.സി തുടങ്ങി എല്ലാ ഫയലുകളിൻമേലും പരിഹാരം കണ്ടെത്തി 2022 സെപ്റ്റംബർ 30 ന് മുൻപായി തീർപ്പാക്കേണ്ടതാണ്.

പെൻഡിംഗ് ഫയലുകൾ, തീർപ്പാക്കിയ ഫയലുകൾ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ എല്ലാ ബുധനാഴ്ചകളിലും ഈ കാര്യാലയത്തിൽ, ഗ്രാമപഞ്ചായത്ത് സെക്ഷൻ, ബ്ലോക്ക് പഞ്ചായത്ത് സബ് ഡിവിഷൻ, ജില്ലാ പഞ്ചായത്ത് ഡിവിഷൻ എന്നിവിടങ്ങളിലേത് ക്രോഡീകരിച്ച് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, മുനിസിപ്പൽ എഞ്ചിനീയറിംഗ് വിഭാഗത്തിലേതും സർക്കിൾ ഓഫീസുകളിലേതും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റേത് നേരിട്ടും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ആദ്യ റിപ്പോർട്ട് 2022 ജൂലൈ 6 ന് 5 PM ന് മുമ്പായി ഇ-മെയിൽ മുഖേന ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

//അംഗീകാരത്തോടെ //

അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റ്